**15 -ാം കേരള നിയമസഭ**

**5 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 311** **27-06-2022 - ൽ മറുപടിയ്ക്ക്**

**പെട്രോളിയം ഉൽപ്പന്നങ്ങളുടെ അളവും ഗുണനിലവാരവും ഉറപ്പാക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ.പി. കെ. ബഷീർ | | ശ്രീ ജി ആർ അനിൽ<br>(ഭക്ഷ്യ-പൊതുവിതരണ വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് പല പെട്രോൾ പമ്പുകളും ഗ്യാസ് വിതരണ കമ്പനികളും അളവ്-തൂക്കവും ഗുണമേന്മയും കൃത്യമായി പാലിക്കുന്നില്ല എന്നത് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; ഇത്തരത്തിൽ പരാതികൾ ലഭിച്ചിട്ടുണ്ടോ; | (എ) | ഉണ്ട്. പരാതികൾ ലഭിച്ചിട്ടുണ്ട്. |
| (ബി) | എങ്കിൽ ജനങ്ങൾക്ക് ഗുണമേന്മയുള്ള പെട്രോളിയം ഉൽപ്പന്നങ്ങൾ കൃത്യമായ അളവിൽ ലഭിക്കുന്നു എന്ന് ഉറപ്പ് വരുത്തുന്നതിനായി സ്വീകരിച്ച നടപടികൾ വ്യക്തമാക്കാമോ; | (ബി) | സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി, ലോക ഉപഭോക്തൃദിനാചരണത്തോട് അനുബന്ധിച്ച് ഉദ്ഘാടനം ചെയ്ത 'ക്ഷമത' പരിപാടിയുടെ ഭാഗമായി മാർച്ച് 15 മുതൽ മേയ് 20 വരെ സംസ്ഥാനത്തുടനീളം 1145 പെട്രോൾ പമ്പുകൾ പരിശോധിക്കുകയും, ക്രമക്കേടുകൾ കണ്ടെത്തിയ 124 പമ്പുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ പ്രസ്തുത പരിശോധന തുടരാനും ലീഗൽ മെട്രോളജി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (സി) | കൃത്യമായ ഇടവേളകളിൽ പ്രസ്തുത സ്ഥാപനങ്ങളിൽ പരിശോധന നടത്തുന്നതിനും പെട്രോളിയം ഉൽപ്പന്നങ്ങളുടെ അളവ്-തൂക്കവും ഗുണമേന്മയും ഉറപ്പ് വരുത്തുന്നതിനും നടപടി സ്വീകരിക്കുമോ? | (സി) | സർക്കാരിന്റെ രണ്ടാം 100 ദിന കർമ്മ പരിപാടിയുടെ ഭാഗമായി, ലോക ഉപഭോക്തൃദിനാചരണത്തോട് അനുബന്ധിച്ച് ഉദ്ഘാടനം ചെയ്ത 'ക്ഷമത' പരിപാടിയുടെ ഭാഗമായി മാർച്ച് 15 മുതൽ മേയ് 20 വരെ സംസ്ഥാനത്തുടനീളം 1145 പെട്രോൾ പമ്പുകൾ പരിശോധിക്കുകയും, ക്രമക്കേടുകൾ കണ്ടെത്തിയ 124 പമ്പുകൾക്കെതിരെ നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്. കൃത്യമായ ഇടവേളകളിൽ പ്രസ്തുത പരിശോധന തുടരാനും ലീഗൽ മെട്രോളജി വകുപ്പിന് നിർദ്ദേശം നൽകിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ